# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 29-11-2013

## ഇൻകംടാക്സ് റിട്ടേൺ ;
## അധ്യാപകരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടി നിർത്തിവയ്ക്കണം

**കെ.എസ്.ടി.എ**

ഇൻകം ടാക്സ് റിട്ടേൺ യഥാസമയം സമർപ്പിട്ടില്ല എന്ന കാരണം പറഞ്ഞ് അധ്യാപകരിൽ നിന്നും ലക്ഷക്കണക്കിന് രൂപ പിഴ ഈടാക്കുന്ന നടപടി നിർത്തിവയ്ക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. കൃത്യമായി ഇൻകംടാക്സ് നൽകുന്നവരുടെ പാദവാർഷിക സ്റ്റേറ്റ്മെന്റ് നൽകിയിട്ടില്ല എന്ന കാരണം പറഞ്ഞാണ് പിഴ ഈടാക്കുന്നത്. ഓൺലൈൻ സംവിധാനത്തിലൂടെയാണ് വിവരങ്ങൾ നൽകേണ്ടത്. പ്രൈമറി വിദ്യാലയങ്ങളിൽ ഇതിനുള്ള സൗകര്യങ്ങളില്ല. ട്രഷറിയിൽ നിന്നും ലഭിക്കേണ്ട ബിൻ നമ്പർ ലഭിക്കാത്തതാണ് കാലതാമസത്തിനു പ്രധാന കാരണം. ടാക്സ് കൃത്യമയി നൽകുന്നവരിൽ നിന്നും സാങ്കേതിക കാരണങ്ങൾ കാണിച്ച് പിഴ ഈടാക്കുന്നത് ശരിയായ നടപടിയല്ല. സ്ഥാപനമേധാവികൾ ഇ–ഫയലിംഗ് നടത്തിയതിൽ വരുത്തിയ കാലതാമസമാണ് പിഴ ചുമത്താൻ കാരണമായി പറയുന്നത്. സർക്കാർ നിശ്ചയിച്ച ഏജൻസികൾക്ക് ഇ–ഫയലിംഗ് നടത്താനുള്ള വിവരങ്ങൾ പല ഹെഡ്മാസ്റ്റർമാരും യഥാസമയം നൽകിയുട്ടുണ്ട്. സർക്കാരിന്റെ ഏജൻസികൾ വരുത്തിയ കാലതാമസത്തിനുകൂടി ഹെഡ്മാസ്റ്റർമാരെ ശിക്ഷിക്കുന്ന നടപടിയാണ് ഉണ്ടായിരിക്കുന്നത്. സർക്കാർ – എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കാണ് ഇങ്ങനെ പിഴയടക്കാനുള്ള നിർദ്ദേശം വന്നിരിക്കുന്നത്. റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സാങ്കേതിക തടസങ്ങൾ നീക്കി അധ്യാപകർക്കെതിരെ എടുത്തിട്ടുള്ള എല്ലാ നടപടികളും ഒഴിവാക്കണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ഇൻകംടാക്സ് കമ്മീഷണർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. ഇൻകംടാക്സ് കമ്മീഷണറുമായി നടത്തിയ ചർച്ചയെ തുടർന്ന് പ്രശ്നം സംസ്ഥാനത്തെ എം.പിമാർമുഖേന കേന്ദ്ര–ധനകാര്യവകുപ്പുമന്ത്രിയെ അറിയിക്കാനും സംഘടന തീരുമാനിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി